ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) റേഷൻഷോപ്പു വഴി വിതരണം ചെയ്യുന്ന അരി, പഞ്ചസാര, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകളിൽ കൂടി വിതരണം ചെയ്യുന്ന അരിയുടെ വില വർദ്ധിപ്പിച്ചിട്ടില്ല.

(ബി) അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില കേന്ദ്ര ഗവൺമെൻറ് വർദ്ധിപ്പിച്ചതാണ് ഇതിന് കാരണം.

(സി) റേഷൻ അരിക്ക് കിലോഗ്രാമിന് 14 പൈസ ഗോതമ്പിന് കിലോഗ്രാമിന് 18 പൈസ പഞ്ചാസാരക്ക് കിലോഗ്രാമിന് 40 പൈസ, മണ്ണെണ്ണക്ക് ലിറ്ററിന് 14 പൈസ എന്ന തോതിൽ വർദ്ധിപ്പിച്ചു.

സീഡ് ഫാമുകൾ

* 62. [66] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സർക്കാർ സീഡ് ഫാമുകൾ നിറുത്തലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

ഇല്ല.

സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം

* 63. [67] ശ്രീ. ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംപ്രദായം അനുസരിച്ച് റേഷൻ ഷാപ്പിലൂടെ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണങ്ങളെന്തെല്ലാം ;

(ബി) 1985-86 ഫെബ്രുവരിമാസം കൂടിയ കാലയളവിൽ ഭക്ഷ്യസാധനങ്ങൾ വിതരണത്തിന് എത്തിക്കുവാൻ ഭക്ഷ്യവകുപ്പിന് കഴിയാത്തതിനാൽ റേഷൻ കടകളിൽ അരി ലഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ രീതിയിൽ എത്ര ദിവസം റേഷൻ വിതരണം മുടങ്ങുകയുണ്ടായി ; ഇതുമൂലം വിതരണംചെയ്യാൻ കഴിയാത്ത സാധനങ്ങളുടെ അളവെത്ര?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) കേന്ദ്ര സർക്കാർ ഓരോ മാസവും അനുവദിക്കുന്ന റേഷൻ സാധനങ്ങൾ ഏറ്റെടുത്ത് വിതരണം നടത്തുവാൻ ആവശ്യമെന്ന് തോന്നുന്ന സ്ഥലങ്ങളിൽ ജില്ലാ കളക്ടർമാർ റേഷൻ മൊത്ത വ്യാപാരികളേയും ജില്ലാ സപ്ലൈ ഓഫീസർമാർ ചില്ലറ വ്യാപാരികളെയും നിയമിച്ചിട്ടുണ്ട്. ഈ മൊത്ത വ്യാപാരികൾ എഫ്. സി. ഐ.യിൽ നിന്നും സ്റ്റോക്കെടുത്ത് ചില്ലറ വ്യാപാരികൾക്ക് നൽകുന്നു. മിക്ക ജില്ലാ ആസ്ഥാന താലൂക്കുകളിലും ഇപ്പോൾ എഫ് സി. ഐ. നേരിട്ടാണ് ഭക്ഷ്യധാന്യങ്ങൾ ചില്ലറ വ്യാപാരികൾക്ക് നൽകി വരുന്നത്. ഓരോ കുടുംബത്തിനും നൽകിയിട്ടുള്ള റേഷൻ കാർഡിൻറെ അടിസ്ഥാനത്തിൽ ചില്ലറ വ്യാപാരികളിൽ നിന്നും ഉപഭോക്താക്കൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന അളവിൽ റേഷൻ സാധനങ്ങൾ വാങ്ങാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly